# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1110 10.08.2017-ൽ മറുപടിക്ക്

### <u>ഹയർ സെക്കന്ററി സ്കൂളുകളിൽ പുതിയ അദ്ധ്യാപക തസ്തിക</u>

| ചോദ്യം<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ | | ഉത്തരം<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിൽ പുതിയ അദ്ധ്യാപക തസ്തിക അനുവദിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഏത് വർഷം മുതലാണ് ഹയർ സെക്കന്ററി സ്കൂളുകളിലും അധിക ബാച്ചുകളിലുമായിട്ട് പുതിയ തസ്തിക അനുവദിച്ചതെന്ന് വ്യക്തമാക്കുമോ; | (ബി) | 2014-15 അധ്യയന വർഷം പുതുതായി അനുവദിച്ച ഹയർ സെക്കന്ററി സ്കൂളുകളിലും ബാച്ചുകളിലുമാണ് തസ്തിക സൃഷ്ടിച്ചിട്ടുള്ളത്. |
| (സി) | ഇതിൽ ഹയർ സെക്കന്ററി സീനിയർ ടീച്ചർ, ജൂനിയർ ടീച്ചർ എന്നിവയിൽ എത്ര തസ്തിക സൃഷ്ടിച്ചിട്ടുണ്ടെന്ന് തരം തിരിച്ച് വ്യക്തമാക്കുമോ; | (സി) | ഹയർ സെക്കന്ററി സീനിയർ അധ്യാപകരുടെ 232 ഉം ജൂനിയർ അധ്യാപകരുടെ 269 ഉം തസ്തികകളാണ് സൃഷ്ടിച്ചിട്ടുള്ളത്. |
| (ഡി) | പ്രസ്തുത തസ്തികകൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; | (ഡി) | സ്പെഷ്യൽ റൂൾസ് പ്രകാരം തസ്തികമാറ്റ നിയമനം, അപ്ഗ്രഡേഷൻ മൂലം ഉണ്ടാകുന്ന കുറവ് എന്നിവ കഴിച്ച് 94 ജൂനിയർ തസ്തികകളും 33 സീനിയർ തസ്തികകളും പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഇ) | കൂടാതെ ഈ തസ്തികയിൽ പ്രൊമോഷനെ തുടർന്ന് ഉണ്ടാകുന്ന എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; | (ഇ) & (എഫ്) | പോസ്റ്റ് ക്രിയേഷൻ മുഖേനയുണ്ടായ എച്ച്.എസ്.എസ്.റ്റി ഒഴിവുകളിലേക്ക് പ്രമോഷൻ നടത്തിയിട്ടില്ല. ഡി.പി.സി കൂടി സെലക്ട് ലിസ്റ്റ് തയ്യാറാക്കി പ്രമോഷൻ നടത്തുമ്പോൾ മാത്രമേ എച്ച്.എസ്.എസ്.റ്റി ജൂനിയർ ഒഴിവുകൾ ഉണ്ടാകുകയുള്ളൂ. |
| (എഫ്) | ഉണ്ടെങ്കിൽ ആകെ എത്ര ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ.